ഉന്നത വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രതിസന്ധി

4 (*244) ശ്രീ. എൻ. കണ്ണൻ :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസത്തിന് കൂടുതൽ പണം മുടക്കേണ്ടതില്ലെന്ന കേന്ദ്ര സർക്കാരിന്റെ സമീപനം സംസ്ഥാന വിദ്യാഭ്യാസ മേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ധനകാര്യ കമ്മീഷനുകൾ കേരളത്തിൽ വിദ്യാഭ്യാസ മേഖലയ്ക്കു ചെലവഴിക്കുന്നതുക തിട്ടപ്പെടുത്താതെയും വിദ്യാഭ്യാസത്തിനായുള്ള അപ്ഗ്രഡേഷനു ധനസഹായം നൽകാതെയും അവാർഡുകൾ പ്രഖ്യാപിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉന്നതതല വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഉന്നത വിദ്യാഭ്യാസ മേഖല പുനഃസംഘടിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) വിദ്യാഭ്യാസ മേഖലയിലെ മൂലധന മുതൽമുടക്ക് കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) ഉന്നത വിദ്യാഭ്യാസത്തിന് കേന്ദ്രസർക്കാരിൽ നിന്നും 8-ാം പദ്ധതിക്കാലത്ത് ശരാശരി നാലു ശതമാനത്തോളം വിഹിതം ലഭിച്ചിരുന്നു. എന്നാൽ 1998-99 വാർഷിക പദ്ധതി ആയപ്പോഴേക്കും 3.6 ശതമാനമായി കുറഞ്ഞു.

(ബി) മുൻ ധനകാര്യ കമ്മീഷനിൽ സംസ്ഥാനത്തിന്റെ പദ്ധതിയിതരച്ചെലവും കമ്മിയും കണക്കാക്കിയിട്ടുള്ളത് യഥാർത്ഥ കണക്കുകളുമായി ഒട്ടുംതന്നെ പൊരുത്തപ്പെടുന്ന രീതിയിലല്ല. 10-ാം ധനകാര്യ കമ്മീഷൻ പാനനിലവാരം ഉയർത്തുന്നതിനായി അനുവദിച്ച ധനസഹായം ആനുപാതികമായി വളരെ കുറവായിരുന്നു. ഇത് 11-ാം ധനകാര്യ കമ്മീഷന് സർക്കാർ നൽകിയ മെമ്മോറാണ്ടത്തിൽ ഊന്നിപ്പറയുകയും ഭരണഘടനയുടെ ആർട്ടിക്കിൾ 275 അനുസരിച്ച് ലഭിക്കേണ്ട ധനസഹായം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) ഉന്നതവിദ്യാഭ്യാസ മേഖലയിൽ പല പരിഷ്കാരങ്ങളും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയിട്ടുണ്ട്. ഉദാഹരണത്തിന് പ്രീ-ഡിഗ്രി കോളേജുകളിൽ നിന്നും വേർപ്പെടുത്തുന്ന നടപടി 2001-ാമാണ്ടോടുകൂടി പൂർത്തിയാകും. രണ്ട്, കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ കോളേജുകളിലും യൂണിവേഴ്സിറ്റികളിലും അനുവദിച്ചിട്ടുണ്ട്. മൂന്ന്, പുതിയ എൻജിനിയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും സർക്കാർ-അർദ്ധസർക്കാർ മേഖലയിൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി സംസ്ഥാനത്ത് എൻജിനീയറിംഗിനുള്ള സീറ്റ് രണ്ടായിരത്തോളം വർദ്ധിച്ചിട്ടുണ്ട്. അടുത്ത വർഷത്തോടെ

LIBRARY ARCHIVES Kerala Legislative Assembly

രണ്ടായിരം സീറ്റുകൾ വർദ്ധിപ്പിക്കാൻ കഴിയുമെന്ന് കരുതുന്നു. നാല്, കോളേജ് വിദ്യാഭ്യാസത്തിന്റേയും സാങ്കേതിക വിദ്യാഭ്യാസത്തിന്റേയും നിലവാരം ഉയർത്തുവാൻ അപ്ഗ്രഡേഷൻ സമ്പ്രദായം ഏർപ്പെടുത്താനുദ്ദേശിക്കുന്നു. യു.ജി.സി. സ്കീം നടപ്പാക്കി കഴിഞ്ഞു. എ.ഐ.സി.റ്റി. സ്കീം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ഇ) വിദ്യാഭ്യാസ മേഖലയിൽ മൂലധന നിശ്ചലാവസ്ഥ നിലനിൽക്കുന്നു. 8-ാം പദ്ധതി കാലത്ത് ശരാശരി ഒരു വർഷം 3 കോടിരൂപ മൂലധന മുതൽമുടക്കുണ്ടായെങ്കിൽ 1998-99-ൽ ഏതാണ്ട് അതേ തോതിലാണ് മൂലധന മുടക്കുള്ളത്. യഥാർത്ഥ കണക്കിൽ ഇത് കുറവാണെന്ന് പറയാം.

ശ്രീ. എൻ. കണ്ണൻ : ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇന്ന് നിലവാരത്തകർച്ച വന്നു കൊണ്ടിരിക്കുന്നുവെന്നുള്ളത് പൊതുവേ നമ്മുടെ സംസ്ഥാനത്ത് ചർച്ച ചെയ്യുന്ന കാര്യമാണ്. ഈ നിലവാരത്തകർച്ച പരിശോധിച്ച് എന്തെങ്കിലും പരിഹാരം കാണുന്നതിന് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : നിലവിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ നിലവിലുള്ള കോഴ്സുകൾ റീ-സ്ട്രക്ച്ചർ ചെയ്യണമെന്ന് യു.ജി.സി. വളരെക്കാലമായി നിർദ്ദേശിക്കുന്നുണ്ട്. ആ കോഴ്സുകൾ ഒക്കെ പുതിയ രീതിയിൽ പുനഃസംവിധാനം ചെയ്യുക എന്നതാണ് പ്രധാനപ്പെട്ട കാര്യം. മറ്റൊന്ന് ഗവേഷണ രംഗം കൂടുതൽ ശക്തമാക്കുകയാണ്.

ശ്രീ. എൻ. കണ്ണൻ : ഉന്നതവിദ്യാഭ്യാസ മേഖലയിൽ സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള ആധുനിക കോഴ്സുകൾക്ക് മുൻഗണന നൽകാനും ഇത്തരം കോഴ്സുകൾ ആരംഭിക്കുന്ന സ്ഥാപനങ്ങൾക്കാവശ്യമായ പശ്ചാത്തലസൗകര്യം ഏർപ്പെടുത്താനും ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുണ്ടോ ?

ശ്രീ. പി. ജെ. ജോസഫ് : എൻജിനീയറിംഗിന് 2000 സീറ്റാണ് വർദ്ധിപ്പിച്ചത്. അടുത്ത വർഷം 2000 സീറ്റുകൾകൂടി വർദ്ധിപ്പിക്കുന്നതാണ്. പോളിടെക്നിക്കുകളുടെ കാര്യത്തിലും 30 ശതമാനം വർദ്ധനവും ഉണ്ടായിട്ടുണ്ട്. ആ രംഗത്ത് അനുവദിക്കുന്ന കോഴ്സുകളൊക്കെ പുതിയ വിഷയങ്ങൾ തന്നെയാണ്.

ശ്രീ. ടി. കെ. നൗഷാദ് : ഉന്നതവിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒട്ടേറെ നടപടി സ്വീകരിച്ചു. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കോളേജുകളിൽ നിന്നും പ്രീ-ഡിഗ്രി വേർപ്പെടുത്തി സ്കൂളുകളിലേക്ക് മാറ്റുന്നത്. ഈ രൂപത്തിൽ കോളേജുകളിൽനിന്ന് പ്രീ-ഡിഗ്രി വേർപ്പെടുത്തുന്ന സാഹചര്യത്തിൽ കോളേജുകളിൽ അധികം വരുന്ന അധ്യാപകരെയും അതുപോലെ കെട്ടിടങ്ങൾ, ലാബോറട്ടറി, ലൈബ്രറി ഇവയൊക്കെ പ്രയോജനപ്പെടുത്തിക്കൊണ്ട് പുതിയ കോഴ്സുകൾ തുടങ്ങുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ ?

ശ്രീ. പി. ജെ. ജോസഫ് : ഇത് പ്രസക്തമായിട്ടുള്ള കാര്യമാണ്. കോളേജുകളിലെ സ്ട്രെങ്തിൽ ഏകദേശം 60 ശതമാനത്തോളം പ്രീ-ഡിഗ്രിക്കാരായിരുന്നു. ആ കുട്ടികൾ മാറിക്കഴിയുമ്പോൾ അവിടെ ധാരാളം സ്ഥലമുണ്ടാകും. സ്റ്റാഫും സർപ്ലസാകും. ഇങ്ങനെ സർപ്ലസായി വരുന്ന സ്റ്റാഫിനെ സംബന്ധിച്ച് ഒരു സ്റ്റാഫ് ട്രെയിനിംഗ് കോളേജ്..... അക്കാഡമിക് സ്റ്റാഫ് കോളേജ് ഇപ്പോൾത്തന്നെയുണ്ട്. എന്നാൽ അതുപോരാ, അവിടെ രണ്ടാഴ്ചയൊക്കെ നീണ്ടുനിൽക്കുന്ന കോഴ്സുകളാണ് നടക്കുന്നത്. 6 മാസവും ഒരു

LIBRARY ARCHIVES Kerala Legislative Assembly

വർഷുമൊക്കെ നീണ്ടുനിൽക്കുന്ന കോഴ്സുകൾ നടത്താൻ കൊച്ചിൻ സർവ്വകലാശാലയുടെ ക്യാമ്പസിൽ അക്കാഡമിക് ട്രെയിനിംഗ് സ്ഥാപനം ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. അവിടെ പുതിയ വിഷയങ്ങളിൽ അദ്ധ്യാപകർക്ക് പരിശീലനം കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. ബോട്ടണി പാസ്സായ അധ്യാപകന് ബയോടെക്നോളജിയിൽ ഒരു വർഷത്തെ ട്രെയിനിംഗ് കൊടുത്താൽ തീർച്ചയായും അത് പഠിപ്പിക്കാൻ കഴിയും. ലിറ്ററേച്ചർ പഠിപ്പിക്കുന്ന അദ്ധ്യാപകന് ജേർണലിസം പഠിക്കുവാൻ കൂടുതൽ സമയം വേണ്ടിവരികയില്ല. ഒട്ടേറെ വിഷയങ്ങളിൽ കോഴ്സുകൾ റീ-സ്ട്രക്ച്ചർ ചെയ്യുമ്പോൾ അദ്ധ്യാപകർക്കുതന്നെ പഠിപ്പിക്കാൻ കഴിയത്തക്കനിലയിൽ പരിശീലനം കൊടുക്കുന്ന ഒരു വലിയ സ്ഥാപനം കൊച്ചിയിൽ ആരംഭിച്ച് കഴിഞ്ഞിരിക്കുന്നു. പ്ളാനിംഗ് ബോർഡിൽ നിന്നുതന്നെ അതിനുള്ള പൈസയെല്ലാം നീക്കിവച്ചിട്ടുണ്ട്. അതുപോലെ റീ-സ്ട്രക്ച്ചർ ചെയ്ത പുതിയ കോഴ്സുകൾ കോളേജുകളിൽ തുടങ്ങുന്ന കാര്യത്തിൽ ഗവൺമെന്റ് മുൻഗണന കൊടുക്കുന്നതാണ്.

ശ്രീ. ടി. കെ. ബാലൻ : സാങ്കേതിക വിദ്യാഭ്യാസ നിലവാരത്തിന്റെ കാര്യത്തിൽ ലോകപ്രശസ്തമാണ് വിവിധ സംസ്ഥാനങ്ങളിൽ കേന്ദ്രഗവൺമെന്റ് നടത്തിവരുന്ന ഐ.ഐ.റ്റികൾ. ഏറ്റവും കൂടുതൽ സാക്ഷരതയും സാങ്കേതികവിദ്യ അഭ്യസിക്കുന്നതിൽ താല്പര്യവുമുള്ള കേരളത്തിന് ഐ.ഐ.റ്റി. കിട്ടാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഏറ്റവും പ്രസ്റ്റീജിയായിട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ടാണ് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റും. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് അനുവദിക്കുകയും കോഴിക്കോട്ട് പ്രവർത്തനമാരംഭിക്കുകയും ചെയ്തിരിക്കുന്നു. ഐ.ഐ.റ്റി. ആരംഭിക്കുന്ന കാര്യം തീർച്ചയായും പലവട്ടം നിവേദനം കൊടുത്തിട്ടുണ്ട്. ഇനിയും ഈ ആവശ്യം കേന്ദ്രഗവൺമെന്റിന്റെ മുൻപിൽ സമർപ്പിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും ഉത്തരങ്ങളും

അലങ്കാര മത്സ്യക്കൃഷി

5 (T*245) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ്. ജെ. മാത്യു :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അലങ്കാരമത്സ്യക്കൃഷി വ്യാപകമാക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച പദ്ധതിയുടെ വിശദവിവരങ്ങൾ നൽകുമോ ;

(സി) അലങ്കാരമത്സ്യങ്ങൾ കയറ്റി അയക്കുവാൻ പരിപാടി ഉണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം രാജ്യങ്ങളിലേക്ക് എന്ന് വിശദീകരിക്കുമോ ?

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly